6642
11/6/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ശിശുവികസന സേവന പദ്ധതി - 38 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം .** 332 /2015/സാനീവ **തീയതി, തിരുവനന്തപുരം,** 05.06.2015

---

**പരാമർശം :** (1) 20.04.2015 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്.എ7 - 7755/15 നമ്പർ കത്ത്.

(2) 16.05.2015 - ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ആറ് വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, അമ്മമാർ എന്നിവർക്കുള്ള സേവനം അങ്കണവാടി മുഖേന നൽകുന്നതിനും വയോജനങ്ങൾക്ക് അവരുടെ അനുഭവങ്ങൾ യുവതലമുറയുമായി പങ്കുവയ്ക്കുന്നതിനുമായി അങ്കണവാടി കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 4235-02-102-96(P) ശീർഷകത്തിൽ ആകെ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 4,94,00,000/- രൂപ വിനിയോഗിച്ച് ഒരു അങ്കണവാടിക്ക് 13 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 38 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 16.05.2015 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു അങ്കണവാടിക്ക് 13 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 38 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിലെ 4235-02-102-96(P) ശീർഷകത്തിൽ നിന്നും 4,94,00,000/- (നാലു കോടി തൊണ്ണൂറ്റി നാല് ലക്ഷം രൂപാ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ,**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**